# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 8370    25-07-2012-ൽ മറുപടിയ്ക്ക്

### പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ

**ചോദ്യം** — **ഉത്തരം**

ശ്രീ.എ.കെ.ബാലൻ

കുമാരി.പി.കെ.ജയലക്ഷ്മി
(പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും
കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പു മന്ത്രി)

| | |
|---|---|
| (എ) മുൻ സർക്കാർ അധികാരമേൽക്കുമ്പോൾ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ എന്തൊക്കെയായിരുന്നു; എത്ര രൂപ വീതമായിരുന്നു ആനുകൂല്യങ്ങൾ എന്ന് വ്യക്തമാക്കുമോ ; | (എ) മുൻസർക്കാർ അധികാരമേൽക്കുമ്പോൾ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ചുവടെ പറയുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകിയിരുന്നു.<br>1. ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ്, പോക്കറ്റുമണി തുടങ്ങിയ ഗ്രാന്റുകൾ.<br>2. അയ്യൻകാളി മെമ്മോറിയൽ സ്കോളർഷിപ്പ്<br>3. സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രോത്സാഹന ധനസഹായം.<br>4. ഹോസ്റ്റൽ ആനുകൂല്യങ്ങൾ<br>5. യൂണിഫോം<br>6.രക്ഷിതാക്കൾക്കുള്ള പ്രോത്സാഹന ധനസഹായം<br>7. അപ്ഗ്രഡേഷൻ ഓഫ് മെരിറ്റ് പദ്ധതി<br>8. പഠന യാത്രാ ധനസഹായം<br>9.ട്യൂട്ടോറിയൽ ഗ്രാന്റ് (തോറ്റു പഠിക്കുന്നവർക്കും 8,9,10,+2 റഗുലർ വിദ്യാർത്ഥികൾക്കും) |

| | |
|---|---|
| | 10. പാരലൽ കോളേജുകളിൽ പഠിക്കുന്ന വർക്കുള്ള ആനുകൂല്യം.<br>ആനുകൂല്യങ്ങൾ അനുവദിച്ചുനൽകിയ സ.ഉ.(കൈ)നം.4/01/ പജപവവിവ. തീയതി 12-1-2001 ഉത്തരവിന്റെ പകർപ്പ് അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. |
| (ബി) കഴിഞ്ഞ സർക്കാർ അധികാരമേറ്റശേഷം (2006 മേയ് മാസത്തിന് ശേഷം) പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചു നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (ബി) ഉണ്ട്.<br>1-2-2008 ലെ സർക്കാർ ഉത്തരവ് (എം.എസ്)നം.20/2008/പജപവവിവ. പ്രകാരം പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം 2 ൽ ചേർത്തിരിക്കുന്നു. |
| (സി) കഴിഞ്ഞ സർക്കാർ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി പുതുതായി ആരംഭിച്ച പദ്ധതികൾ ഏതൊക്കെയായിരുന്നു ; അവയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (സി) കഴിഞ്ഞ സർക്കാർ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി പുതുതായി ആരംഭിച്ച പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.<br>1. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിലേക്കായി കമ്പ്യൂട്ടർ സാങ്കേതിക വിദ്യയുടെ സഹായത്തോടെ ഇ-ഗ്രാന്റ്സ് പദ്ധതി നടപ്പിലാക്കി.<br>2. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മെഡിക്കൽ പ്രവേശന പരീക്ഷ എഴുതുവാൻ പ്രാവീണ്യം നേടുന്നതിനു പ്രത്യേക പരിശീലന പരിപാടി മുൻ സർക്കാരിന്റെ കാലത്ത് ആരംഭിച്ചിരുന്നു.<br>3. പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിലുള്ള എം.ആർ.എസുകളിലെ SSLC , +2 വിദ്യാർത്ഥികൾക്കു വേണ്ടി ക്രിസ്തുമസ് വെക്കേഷൻ കാലയളവിൽ ഒരാഴ്ച നീണ്ടു നിൽക്കുന്ന |

| | |
|---|---|
| | സഹവാസ ക്യാമ്പ് സംഘടിപ്പിക്കുന്ന പരിപാടി നടപ്പിലാക്കിയിട്ടുണ്ട്. വിവിധ മേഖലകളിൽ വിദഗ്ധരായവർ ടി ക്യാമ്പുകളിൽ പങ്കെടുത്ത് കുട്ടികൾക്ക് ആത്മ വിശ്വാസവും കരിയർ ഗൈഡൻസും നൽകി വരുന്നു.<br>4. എം.ആർ.എസുകളിൽ ശാസ്ത്രപോഷിണി ലാബുകൾ ഏർപ്പെടുത്തുന്ന പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. |
| (ഡി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പുതുതായി ആരംഭിച്ച ഏതെങ്കിലും പദ്ധതികൾ ഇപ്പോൾ നിർത്തലാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | (ഡി) ഇല്ല. |

[Bali... K J]

**സെക്ഷൻ ഓഫീസർ**

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**